(സി) ഇക്കാര്യം കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ പരിഗണനയിലാണ്.

105 (3430) കൃഷി വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിലെ ദിവസക്കൂലിക്കാരുടെ വേതനം

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിലെ എഞ്ചിനീയറിംഗ് ഓഫീസുകളിൽ ജോലി ചെയ്യുന്ന ദിവസക്കൂലിക്കാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റുവിഭാഗം ജീവനക്കാർക്ക് ദിവസക്കൂലി വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ കൃഷിവകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ദിവസക്കൂലിക്കാർക്കുകൂടി വേതന വർദ്ധനവ് ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷി എഞ്ചിനീയറിംഗ് ഓഫീസുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ദിവസക്കൂലിയിനത്തിൽ നിയമിക്കുന്നവർക്ക് പി.ഡബ്ല്യു.ഡി. നിശ്ചയിച്ച 1996-ലെ ഷെഡ്യൂൾ അനുസരിച്ചുള്ള വേതനമാണ് നൽകുന്നത്. മെക്കാനിക്ക്, ഓവർസീയർ ഗ്രേഡ് II, ഗ്രേഡ് I എന്നീ തസ്തികയ്ക്ക് യഥാക്രമം 91 രൂപ, 84 രൂപ, 105 രൂപ എന്നീ നിരക്കിലാണ് പ്രതിദിനം വേതനം നൽകുന്നത്.

(ബി) നിർദ്ദേശങ്ങളൊന്നും കൃഷി വകുപ്പിന്റെ പരിഗണനയിലില്ല.

106 (3431) കോന്നി മണ്ണു സംരക്ഷണ കേന്ദ്രം തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ണു സംരക്ഷണ കേന്ദ്രം കാർഷിക സർവ്വകലാശാലയുടെ ഭാഗമായി മാറ്റിയപ്പോൾ അവിടെ ജോലിചെയ്തിരുന്ന തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം സർക്കാർ പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റിയുടെ അധീനതയിൽ തൊഴിലാളികൾ വന്നു ചേർന്നതിനുശേഷം ആരെങ്കിലും പ്രൊവിഡന്റ് ഫണ്ടിൽ നിന്നും വായ്പ ലഭിക്കാനായി അപേക്ഷിച്ചിരുന്നോ; എങ്കിൽ ആരെല്ലാം അപേക്ഷിച്ചിരുന്നു എന്നും ഇവർക്ക് വായ്പ അനുവദിക്കുകയുണ്ടായോ എന്നും വ്യക്തമാക്കുമോ;

(സി) വായ്പ അനുവദിച്ചില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പാവപ്പെട്ട തൊഴിലാളികൾക്ക് പി.എഫ്. ലോൺ എടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് ഒഴിവാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോന്നി മണ്ണുസംരക്ഷണകേന്ദ്രം 12-12-1997-ൽ കാർഷിക സർവ്വകലാശാല ഏറ്റെടുത്തു. അവിടുത്തെ തൊഴിലാളികൾ കാർഷിക സർവ കലാശാലയുടെ വർക്കേഴ്സ് പ്രോവിഡന്റ് ഫണ്ട് പദ്ധതിയിൽ വരിക്കാരാകുന്ന തിന് അപേക്ഷ നൽകിയതനുസരിച്ച് 01-07-1998 മുതൽ വരിക്കാരായി കണ ക്കാക്കി 1998 ആഗസ്റ്റ് മാസം മുതൽ പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ ഈടാക്കി വരുന്നു.

(ബി)&(സി) വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും ഇതു വരെ സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ല.

(ഡി) ആവശ്യമായ നടപടി കൈക്കൊള്ളാം.

107 (3432) വാമനപുരം ബ്ലോക്ക് പഞ്ചായത്തിലെ പച്ചക്കറി വിത്ത് ഉല്പാദനം

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണം ആരംഭിച്ചശേഷം വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽനിന്നും പച്ചക്കറിവിത്ത് ഉൽപ്പാദിപ്പിക്കുന്നതിനായി ആർക്കെല്ലാം സഹായധനം നൽകിയിട്ടുണ്ട്;

(ബി) ഓരോ ഘട്ടത്തിലും എന്തു തുക വീതം ഇപ്രകാരം നൽകി;

(സി) ഈ തുക വാങ്ങിയവർ ഏതെല്ലാം ഇനത്തിൽപ്പെട്ട പച്ചക്കറിക ളുടെ എത്ര വിത്തുകൾ വീതം ബ്ലോക്കു പഞ്ചായത്തിനു നൽകി;

(ഡി) ഈ വിത്ത് അവർ സ്വയം ഉൽപ്പാദിപ്പിച്ചതാണോ; അതോ അവർ മറ്റ് സ്ഥലങ്ങളിൽനിന്നും സംഭരിച്ചതാണോ;

(ഇ) ഇവർക്ക് വിത്തുല്പാദനം പരിപോഷിപ്പിക്കുന്നതിനായി എന്തു തുക നൽകിയിട്ടുണ്ട്;

(എഫ്) ഇവർ വിത്തുല്പാദനം പരിപോഷിപ്പിച്ചതിന്റെ ഫലമായി എത്ര മാത്രം കൂടുതൽ പച്ചക്കറിവിത്ത് വാമനപുരം ബ്ലോക്ക് പഞ്ചായത്തിന് നൽകാൻ കഴിഞ്ഞു;

(ജി) ഇവർ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിന് പച്ചക്കറി വിത്ത് നൽകാത്തപക്ഷം ഇവർക്ക് കൊടുത്ത തുക തിരിച്ചു പിടിക്കുമോ എന്ന് അറി യിക്കുമോ?

ഉത്തരം

(എ)-(ജി) ഈ വിവരം കൃഷിവകുപ്പിൽ ലഭ്യമല്ല.

108 (3433) മാള നിയോജക മണ്ഡലത്തിലെ പുപ്പത്തിയിലെ പഴസംസ്ക്കരണ ഫാക്ടറി

ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly